**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1531** **19-06-2024 - ൽ മറുപടിയ്ക്ക്**

**റവന്യൂ ഭൂമി അനുവദിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കളിസ്ഥലം ഒരുക്കുന്നതിനും പഞ്ചായത്ത് ഓഫീസുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും റവന്യൂ ഭൂമി അനുവദിക്കുന്നതിന് വ്യവസ്ഥ നിലവിലുണ്ടോ; എങ്കിൽ അവ അനുവദിക്കുന്നത് എങ്ങനെയാണെന്നും അതിന്റെ നടപടിക്രമങ്ങൾ എന്തെല്ലാമാണെന്നും വിശദമാക്കാമോ? | (എ) | 1960-ലെ കേരള ഭൂമി പതിവ് നിയമത്തിന്റെ ചട്ടങ്ങളായ കേരള ഭൂമി പതിവ് ചട്ടം 1964, കേരള മുനിസിപ്പൽ കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾ 1995 എന്നിവയിലെ വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ഭൂമി കളിസ്ഥലത്തിനും പഞ്ചായത്ത് ഓഫീസ് കെട്ടിടത്തിനുമായി അനുവദിക്കുന്നത്.<br><br>ചട്ടപ്രകാരമുള്ള അപേക്ഷ ജില്ലാ കളക്ടർക്ക് സമർപ്പിക്കേണ്ടതാണ്. അതിനുശേഷം വില്ലേജാഫീസിൽ നിന്ന് സ്കെച്ച്, മഹസർ എന്നിവ തയ്യാറാക്കി തഹസിൽദാർ പരിശോധിച്ച് ഭൂമിയുടെ കമ്പോള വില നിശ്ചയിച്ച് ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകുകയും ജില്ലാ കളക്ടറുടെ ശിപാർശയോടെ ലാൻഡ് റവന്യൂ കമ്മീഷണർ മുഖാന്തിരം സർക്കാരിന് സമർപ്പിക്കുകയും സർക്കാർ ഉത്തരവ് നൽകുന്ന മുറയ്ക്ക് ഭൂമി പാട്ട വ്യവസ്ഥയിൽ കൈമാറുകയും ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ